## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം. 1737 — 04.12.2018 ൽ മറുപടിയ്ക്ക്

### കേരള റിയൽ എസ്റ്റേറ്റ് നിയന്ത്രണവും വികസനവും ആക്റ്റ്

**ചോദ്യം**

ശ്രീ. എം. ഉമ്മർ

**ഉത്തരം**

ശ്രീ. എ.സി.മൊയ്തീൻ
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്റ്റ് 2015- ന് നിലവിൽ പ്രാബല്യം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

എ) സംസ്ഥാനത്ത് കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്റ്റ്, 2015 ന് നിലവിൽ പ്രാബല്യം നൽകിയിട്ടില്ല. കേന്ദ്ര നിയമം പ്രാബല്യത്തിൽ വരുന്നതു വരെ പ്രസ്തുത ആക്ട് നിലവിലുണ്ടായിരുന്നു. തുടർന്ന് സംസ്ഥാന ആക്ട് റദ്ദാക്കുകയുണ്ടായി.

ബി) കേന്ദ്ര ആക്റ്റ് നിലവിൽ വന്ന സാഹചര്യത്തിൽ പ്രസ്തുത ആക്റ്റ് റദ്ദാക്കുന്നതിന് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

ബി) ഉണ്ട്; 15.07.2017 ലെ 5378/ലെഗ്.സി1/2017/നിയമം നമ്പർ വിജ്ഞാപനം പ്രകാരം പ്രസ്തുത ആക്റ്റ് റദ്ദാക്കി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു).

സി) പ്രസ്തുത നിയമം റദ്ദാക്കിയില്ലെങ്കിൽ നിലവിൽ ഏത് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമാണ് റിയൽ എസ്റ്റേറ്റ് രംഗത്തെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്; വിശദമാക്കാമോ?

സി) പ്രസ്തുത നിയമം റദ്ദാക്കിയിട്ടുണ്ട്. നിലവിൽ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) റൂൾസ്, 2018 പ്രകാരമാണ് റിയൽ എസ്റ്റേറ്റ് രംഗത്തെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്.

സെക്ഷൻ ഓഫീസർ

©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2017 ജൂലൈ 15<br>15th July 2017<br>1192 മിഥുനം 31<br>31st Mithunam 1192<br>1939 ആഷാഢം 24<br>24th Ashadha 1939 | നമ്പർ<br>No. 1475 |


## കേരള സർക്കാർ

നിയമ (നിയമനിർമ്മാണം-സി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 5378/ലെഗ്.സി1/2017/നിയമം. *തിരുവനന്തപുരം, 2017 ജൂലൈ 15, 1192 മിഥുനം 31, 1939 ആഷാഢം 24.*

2017 ജൂലൈ 15-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെ പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,
*നിയമ സെക്രട്ടറി.*

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2017.
33/2465/2017/S-2.

2017-ലെ 16-ാം നമ്പർ ഓർഡിനൻസ്

# 2017-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്റ്റ് റദ്ദാക്കൽ ഓർഡിനൻസ്

2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്റ്റ് റദ്ദാക്കുന്നതിനുള്ള

ഒരു

ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

പീഠിക.—2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്റ്റ് റദ്ദാക്കേണ്ടത് യുക്തമായിരിക്കുകയാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടിയെടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ ഇനിപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2017-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്റ്റ് റദ്ദാക്കൽ ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2016-ലെ 5-ാം നമ്പർ ആക്റ്റിന്റെ റദ്ദാക്കൽ.—2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്റ്റ് (2016-ലെ 5) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

3. ഒഴിവാക്കൽ.—അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, അപ്രകാരമുള്ള റദ്ദാക്കൽ, 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്റ്റ് (2016-ലെ 5) പ്രാബല്യത്തിൽവന്ന തീയതി മുതൽ 2016-ലെ റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്റ്റ് (2016-ലെ 16-ാം കേന്ദ്ര ആക്റ്റ്) പ്രാബല്യത്തിൽവന്ന തീയതി വരെ റദ്ദാക്കപ്പെട്ട ആക്റ്റ് പ്രകാരം ചെയ്തതോ നേരിട്ടതോ ആയ ഏതിന്റെയെങ്കിലും സാധുതയോ സാധുതയില്ലായ്മയെയോ പ്രഭാവത്തെയോ അനന്തരഫലത്തെയോ അഥവാ ഇതിനകം ആർജ്ജിച്ചിട്ടുള്ളതോ പ്രാപ്തമായതോ നേരിട്ടതോ ആയ ഏതെങ്കിലും അവകാശത്തെയോ ഉടമസ്ഥാവകാശത്തെയോ, കർത്തവ്യത്തെയോ, ബാദ്ധ്യതയെയോ അഥവാ അവ സംബന്ധിച്ച ഏതെങ്കിലും പരിഹാരത്തെയോ നടപടിയെയോ അഥവാ ഏതെങ്കിലും കടം, പിഴ, കർത്തവ്യം, ബാദ്ധ്യത, അവകാശവാദം അല്ലെങ്കിൽ ആവശ്യപ്പെടൽ എന്നിവയെ സംബന്ധിച്ചോ അവയിൽ നിന്നുമുള്ള മോചനത്തെയോ ബാദ്ധ്യതാ വിമുക്തിയെയോ അഥവാ ഇതിനകം നൽകിയിട്ടുള്ള ഏതെങ്കിലും നഷ്ടോത്തരവാദത്തെയോ അഥവാ മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും പ്രവൃത്തിയെയോ കാര്യത്തെയോ ബാധിക്കുന്നതല്ലാത്തതുമാണ്.

പി. സദാശിവം,

*ഗവർണ്ണർ.*

GOVERNMENT OF KERALA

**Law (Legislation-C) Department**

NOTIFICATION

No. 5378/Leg.C1/2017/Law.

*15th July, 2017*

*Dated, Thiruvananthapuram, 31st Mithunam, 1192*

*24th Ashadha, 1939.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in the English language of the Kerala Real Estate (Regulation and Development) Act Repeal Ordinance, 2017 (15 of 2017).

By order of the Governor,

B. G. Harindranath,

*Law Secretary.*

[Translation in English of "2017-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്റ്റ് റദ്ദാക്കൽ ഓർഡിനൻസ്" published under the authority of the Governor.]

# ORDINANCE No. 15 OF 2017

## THE KERALA REAL ESTATE (REGULATION AND DEVELOPMENT) ACT REPEAL ORDINANCE, 2017

Promulgated by the Governor of Kerala in the Sixty-eighth Year of the Republic of India.

*AN*

*ORDINANCE*

*to repeal the Kerala Real Estate (Regulation and Development) Act, 2015.*

*Preamble.*—WHEREAS, it is expedient to repeal the Kerala Real Estate (Regulation and Development) Act, 2015;

AND WHEREAS, the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the Kerala Real Estate (Regulation and Development), Act Repeal Ordinance, 2017.

(2) It shall come into force at once.

2. *Repeal of Act 5 of 2016.*—The Kerala Real Estate (Regulation and Development) Act, 2015 (5 of 2016) is hereby repealed.

3. *Saving.*—Notwithstanding such repeal, such repeal shall not affect the validity, invalidity, effect or consequences of anything done or suffered, or any right, title, obligation or liability already acquired, accrued or incurred or any remedy or proceeding in respect thereof, or any release or discharge of, or from any debt, penalty, obligation, liability, claim or demand, or any indemnity already granted, or the proof of any past act or thing, under the repealed Act, from the date of commencement of the Kerala Real Estate (Regulation and Development) Act, 2015 (5 of 2016) to the date of commencement of Real Estate (Regulation and Development) Act, 2016 (Central Act 16 of 2016).

P. SATHASIVAM,
*GOVERNOR.*